**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 222** **07-10-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം എഫ്.എച്ച്.സി.യുടെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം എഫ്.എച്ച്.സി.യിൽ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | മഞ്ചേശ്വരം സാമൂഹികാരോഗ്യകേന്ദ്രത്തിനെ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രമാക്കുന്നതിനായി 37.5 ലക്ഷം രൂപയും പുതിയ കെട്ടിട നിർമ്മാണത്തിനായി കാസർഗോഡ് വികസന പാക്കേജിൽ നിന്നും 384.25 ലക്ഷം രൂപയും ദേശീയ ആരോഗ്യ ദൗത്യം മുഖേന 474 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിനിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | മഞ്ചേശ്വരം സാമൂഹികാ രോഗ്യകേന്ദ്രത്തിനെ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രമാക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.<br><br>കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തിയുടെ ടെൻഡറിങ് നടപടി പുരോഗമിച്ചുവരുന്നു .<br><br>ദേശീയ ആരോഗ്യ ദൗത്യം മുഖേനയുള്ള കെട്ടിട നിർമ്മാണത്തിന്റെ ടെൻഡറിങ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചു. 2026 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ എന്ന് തുടങ്ങിയെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ? | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ